Padakulam—Eriyad Road.

251. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

(a) പടാകുളം-എറിയാട് റോഡിന്റെ പണികൾ എല്ലിച്ചുവോ;

(b) ഈ പണി എപ്പോൾ ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.—(a) എസ്റ്റിമേറു തയ്യാറാക്കി വരുന്നുണ്ടു്.

(b) എസ്റ്റിമേറു അനുവദിച്ചുകഴിഞ്ഞാൽ പണി ആരംഭിക്കും.

Azhikkode—Arakulam Road.

252. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

(a) അഴീക്കോട്-അരാകുളം റോഡിന്റെ പണി കരാർ എല്ലിച്ചുവോ;

(b) ഈ പണി എപ്പോൾ ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല.

(b) എസ്റ്റിമേറു് തയ്യാറാക്കീട്ടുള്ളതു് അനുവദിക്കുന്നതോടുകൂടി പണി ആരംഭിക്കുന്നതാണു്.

Lokamaleswaram Thodu.

253. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ കാണുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ —

(a) ലോകമലേശ്വരം തോട്ടിന്റെ പണി കരാർ എല്ലിച്ചുവോ;

(b) ഈ പണി എപ്പോൾ ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല.

(b) എസ്റ്റിമേറു് തയ്യാറാക്കീട്ടുള്ളതു് അനുവദിക്കുന്നതോടുകൂടി പണി ആരംഭിക്കുന്നതാണു്.

Kavil—Eriyad Road.

254. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെയുള്ള ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

കാവിൽ-എറിയാടു് റോഡിന്റെ പണി ഈ കൊല്ലത്തിൽതന്നെ അവസാനിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഒന്നാം സെക്ഷൻ ഈ കൊല്ലത്തിൽതന്നെ അവസാനിക്കും. രണ്ടാം സെക്ഷനിലുള്ള പണിക്കു് എസ്റ്റിമേറു് അനുവദിച്ചുകഴിഞ്ഞിട്ടില്ല. ഇക്കൊല്ലത്തിൽതന്നെ പണി ആരംഭിക്കും

Entrusting works to local contractors.

255. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ കാണുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

(a) കഠിനമായ ക്ഷാമംനിമിത്തം കഷ്ടപ്പെട്ട വലയുന്ന സാധുക്കളുടെ രക്ഷക്കായി പണികളെല്ലാം കാലെക്കൂട്ടി കരാർ എല്ലിച്ചു നടത്തിക്കുവാൻ ഗവൺമെണ്ടിനു വിരോധമുണ്ടോ;

(b) കരാറുകൾ കഴിയുന്നതും അതാതുപ്രദേശത്തുള്ള കൺട്രാക്ടർമാരെ എല്ലിക്കുന്നതിനു ഗവൺമെണ്ടു് ആലോചിക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) കഴിയുന്നതും വേഗത്തിൽ പണികൾ ചെയ്യുവാൻ എല്ലിച്ചുകൊടുക്കുന്നതാണു്.

(b) കരാറുകൾ അതാതു് പ്രദേശത്തുള്ള കൺട്രാക്ടുകാക്കു് കൊടുക്കുവാൻ പ്രത്യേകം ശ്രമിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly